**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3014** **28-02-2023 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ കരിപ്പുഴ ഫിഷ്മാർക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ കരിപ്പുഴ ഫിഷ്മാർക്കറ്റിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ? | (എ) | കായംകുളം മണ്ഡലത്തിലെ ചെട്ടിക്കുളങ്ങര ഗ്രാമപഞ്ചായത്തിലെ കരിപ്പുഴ ഫിഷ് മാർക്കറ്റിന്റെ നിർമ്മാണത്തിനായി കിഫ്ബിയിൽ നിന്നും 15.03.2022 ൽ പുതുക്കിയ ഫണ്ടിംഗ് അനുമതിയായ 173.28 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. ടി ഫണ്ടിംഗ് അനുമതി പ്രകാരം കിഫ്ബി, തദ്ദേശസ്വയംഭരണ വകുപ്പ്, തദ്ദേശസ്വയംഭരണ സ്ഥാപനം ചേർന്ന് റവന്യൂ ഷെയറിംഗ് സംബന്ധിച്ച് ട്രൈപാർട്ടൈറ്റ് എഗ്രിമെന്റിൽ ഏർപ്പെടണമെന്ന് വ്യക്തമാക്കിയെങ്കിലും റവന്യൂ ഷെയറിംഗ് നിബന്ധന സംബന്ധിച്ച അന്തിമ തീരുമാനം 04.08.2022 നാണ് കിഫ്ബിയിൽ നിന്നും ലഭ്യമായിട്ടുള്ളത്. സാങ്കേതികാനുമതി നൽകുന്നതി നാവശ്യമായ മണ്ണ് പരിശോധന പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്രകാരം സാങ്കേതികാനുമതി ലഭ്യമാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. സൈറ്റിൽ നിലവിൽ സ്ഥിതി ചെയ്യുന്ന കോൺക്രീറ്റ് കെട്ടിടം പൊളിച്ചു മാറ്റുന്നത് സംബന്ധിച്ച് പഞ്ചായത്ത് അധികൃതരുടെ തീരുമാനം ലഭ്യമായാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കുവാൻ സാധിക്കുകയുള്ളൂ. ഇതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ